"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പൊന്നുംവില നിയമം സെക്ഷൻ 28എ - പട്ടം മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് കക്ഷിയായ ശ്രീമതി. ലീലാകുമാരിക്ക് തുക നല്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1833/2022/LSGD തീയതി,തിരുവനന്തപുരം, 30-07-2022

പരാമർശം:-
1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 25.08.2021ലെ എസ്സ്1/909/2021/ട്രിഡ നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം. 961/2022/തസ്വഭവ തീയതി 18/04/2022.
3. സ.ഉ.(സാധാ) നം. 3675/2022/ധന തീയതി 17/05/2022.

ഉത്തരവ്

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡ് വികസനത്തിലേക്കായി ട്രിഡ അർത്ഥനാധികാരിയായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് കക്ഷിയായ ശ്രീമതി ലീലാകുമാരി പൊന്നും വില നിയമം സെക്ഷൻ 28 എ പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 23,73,944/- രൂപ അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം ട്രിഡ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) പട്ടം മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡ് വികസനത്തിന് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നും വില നിയമം സെക്ഷൻ 28എ പ്രകാരമുള്ള അപേക്ഷയിന്മേൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 23,73,944/- രൂപ കക്ഷിയായ ശ്രീമതി. ലീലാകുമാരി(ദയാ മന്ദിർ,PRRA-123,മെഡിക്കൽ കോളേജ് പി ഓ, തിരുവനന്തപുരം)-ക്ക്, അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി പരാമർശം (3) പ്രകാരം അധിക ധനാനുമതിയായി 23,74,000/- രൂപ '4217-60-800-93' എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്നു.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധികധനാനുമതിയുടെയും അടിസ്ഥാനത്തിൽ ശ്രീമതി ലീലാകുമാരിക്ക് 23,73,944/- രൂപ (ഇരുപത്തി മൂന്ന് ലക്ഷത്തി എഴുപത്തി മൂവായിരത്തി തൊള്ളായിരത്തി നാൽപ്പത്തി നാല് രൂപ മാത്രം) '4217-60-800-93' എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിനുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി നഗരകാര്യ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ട്രിഡ

ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കടപ്പനക്കുന്ന്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ/
ഇ.ആർ.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
നിയമ വകുപ്പ് (440/ഉപദേശം-ഡി3/2022/നിയമം തീയതി 11/03/2022)
ധനകാര്യവകുപ്പ് (DEV-2/134/2019-FIN(1199060) dated 20/05/2022.
കരുതൽ ഫയൽ / ഓഫീസ് കോപ്പി (IA2/100/2021/LSGD)

ഉത്തരവിൻ പ്രകാരം

**Signed by Vijitha M B**
**Date: 30-07-2022 16:20:47**
സെക്ഷൻ ഓഫീസർ